# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/1556/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 11/04/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം/പി 8/1556/2021 തീയ്യതി: 11/04/2022

## എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ | ഡെപ്യൂട്ടി ഡയറക്ടർ | 01-10-2021 | 03-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-10-2021 | 03-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീ. റഷീദ് സി.എം., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനീഷ് ടി.എസ്., ഓഡിറ്റർ
ശ്രീമതി സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ ജെ ജോർജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| മിനി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 16-04-2019 |
| കിഷോർ ബി ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-04-2019 | 25-04-2019 |
| റെജിമോൻ പി പി | സെക്രട്ടറി | 25-04-2019 | 31-03-2020 |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റോസമ്മ കെ ജെ | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| സാം മാത്യു സാബു | അസിസ്റ്റൻറ് എൻജിനീയർ | 01-04-2019 | 31-03-2020 |
| രാഹുൽ കൃഷ്ണൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. റാണി ലക്ഷ്മി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ ജയലക്ഷ്മി ഒ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ മഞ്ജുഷ എൻ | മെഡിക്കൽ ഓഫീസർ ആയുർവേദം , ഇൻ ചാർജ് | 01-04-2019 | 30-07-2019 |
| ഡോ അനു വിശ്വം | മെഡിക്കൽ ഓഫീസർ ആയുർവേദം | 31-07-2019 | 31-03-2020 |
| ഡോ ആർ മിനി | സീനിയർ വെറ്റിനറി സർജൻ | 01-04-2019 | 16-09-2019 |
| ഡോ ഷമീം അബ്ദുബക്കർ | സീനിയർ വെറ്റിനറി സർജൻ | 17-09-2019 | 22-09-2019 |
| ഡോ ഷാജി പൗലോസ് | സീനിയർ വെറ്റിനറി സർജൻ | 23-09-2019 | 31-03-2020 |
| പി കെ സുജാത | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ബിന്ദു ബി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ബിജു പി ബി | വി ഇ ഒ. മടക്കത്താനം | 01-04-2019 | 11-10-2019 |
| ദിവ്യ കെ പി | വി ഇ ഒ. മടക്കത്താനം. ഇൻചാർജ് | 12-10-2019 | 27-12-2019 |
| നീന ബി | വി ഇ ഒ. മടക്കത്താനം | 28-12-2019 | 31-03-2020 |
| ദിവ്യ കെ പി | വി ഇ ഒ. മഞ്ഞള്ളൂർ | 01-04-2019 | 31-03-2020 |
| ഷേബ പി ബി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 26-11-2019 |
| മെറിനാ പോൾ | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-11-2019 | 12-02-2020 |
| ഗീതാഞ്ജലി ആർ ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 13-02-2020 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Shaiju Mathew (Audit Officer, On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-1 |
| 2 | 2019-20 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-2 |
| 3 | സാമ്പത്തിക നില<br>Written By: Shaiju Mathew (Audit Officer, On 28-10-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Shaiju Mathew (Audit Officer, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Shaiju Mathew (Audit Officer, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Shaiju Mathew (Audit Officer, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-9 |
| 10 | ഗ്രാമസഭ<br>Written By: Shaiju Mathew (Audit Officer, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Shaiju Mathew (Audit Officer, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-11 |
| 12 | സ്ഥാപന തൊഴിൽ നികുതി<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-12 |
| 13 | സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-13 |
| 14 | ക്ഷീരസഹകരണ സംഘങ്ങൾ ലൈസൻസ്<br>Written By: Aneesh T S (Auditor, On 04-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-14 |
| 15 | സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-15 |
| 16 | പച്ചക്കറി കൃഷി -പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Swapna.V (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-16 |
| 17 | ജാതിക്കൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-17 |

| | | |
|---|---|---|
| | Written By: Swapna.V (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | |
| 18 | ക്യാൻസർ കെയർ പദ്ധതി അപാകതകൾ<br>Written By: Aneesh T S (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-18 |
| 19 | ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ചെലവഴിക്കാതെ അവശേഷിക്കുന്നു<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-19 |
| 20 | തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-20 |
| 21 | കുടിവെള്ള പൈപ്പുകൾ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-21 |
| 22 | കുടിവെള്ള പദ്ധതി- അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-22 |
| 23 | ലൈഫ് പദ്ധതി - വാങ്ങിയ സ്ഥലം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം<br>Written By: C.M.Rasheed (Asst. Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-23 |
| 24 | പാലിയേറ്റീവ് രോഗിബന്ധു സംഗമം - സാധനങ്ങൾ ക്വട്ടേഷൻ ഇല്ലാതെ വാങ്ങി<br>Written By: Aneesh T S (Auditor, On 04-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-24 |
| 25 | മരാമത്ത് പ്രവർത്തികൾ -അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 04-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-25 |
| 26 | റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല-പ്രവൃത്തിയുടെ അളവുകളിൽ അവ്യക്തത.<br>Written By: Shaiju Mathew (Audit Officer, On 04-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-26 |
| 27 | എഞ്ചിനീയറിംഗ് വിഭാഗം അറിയാതെ റോഡ് കോൺക്രീറ്റിംഗ് നടത്തി.<br>Written By: Shaiju Mathew (Audit Officer, On 04-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 1-27 |
| 28 | ഓഡിറ്റ് ഇംപാക്ട്<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ<br>Written By: Swapna.V (Auditor, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 3-1 |
| 2 | തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി<br>Written By: Shaiju Mathew (Audit Officer, On 03-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം | 4-1 |

| | | |
|---|---|---|
| | നൽകിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-8 |
| 9 | ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 05-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-10 |
| 11 | തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Aneesh T S (Auditor, On 02-11-2021)<br>Last Updated By: Joby George (Computer Assistant, On 07-04-2022) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 07.02.2019 ലെ 1/1-ാം നമ്പർ തീരുമാനമനുസരിച്ചും, പുതുക്കിയ ബജറ്റ് 13/03/2020 ലെ 5/1-ാം നമ്പർ തീരുമാനപ്രകാരവും ബജറ്റ് താഴെ ചേർക്കുന്ന രീതിയിൽ അംഗീകരിച്ചു.

| | |
|---|---|
| മുന്നിരുപ്പ് | 4231500 |
| വരവ് | 145988061 |
| ആകെ | 150219561 |
| ചെലവ് | 148045638 |
| നീക്കിയിരുപ്പ് | 2173923 |

**ബജറ്റ് എസ്റ്റിമേറ്റ്-യഥാർത്ഥ വരവ് ചെലവുകളുമായി അന്തരം**

കേരള പഞ്ചായത്ത് രാജ് വകുപ്പ് 214(3) പ്രകാരം ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് യഥാർത്ഥവും കൃത്യവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നും കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ കുറിപ്പോടുകൂടിയുള്ള വിശദീകരണം ബജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ യഥാർത്ഥ്യവുമായി വലിയ അന്തരമുണ്ടെങ്കിലും വിശദീകരണകുറിപ്പ് ലഭ്യമല്ല.

| | |
|---|---|
| 2019-20 ബജറ്റ് പ്രതീക്ഷിത വരവ് | 145988061 |
| യഥാർത്ഥ വരവ് | 58997697 |
| വ്യത്യാസം | 86990364 |

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

### 1-2 2019-20 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 03.06.2020 |

1) ഇ ടെണ്ടർ ഫോറത്തിന്റെ വിലയായി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിൽ നിന്നും തൻവർഷം ഗ്രാമ പഞ്ചായത്തിന് ലഭിക്കുവാനുള്ള തുക ലഭിച്ചിട്ടില്ല. ഇവ ഡിമാന്റ് ചെയ്ത് ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) 2020-21 വർഷത്തേക്കുള്ള സസ്യമാർക്കറ്റ് ലേലം Advavance Collection 25000/- രൂപ 2019-20 ൽ Rp-34 - Deposits Received ഷെഡ്യൂളിൽ 340200102 എന്ന ബാധ്യതാ ഹെഡിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് RP-36- Other Liabilities - Advance Collection Of Revenues-Market Receipts എന്ന ഹെഡിലാണ് ഉൾപ്പെടുത്തേണ്ടത്

3)ലൈഫ് ലോൺ അക്കൗണ്ട് Rp40(B) പ്രകാരം നീക്കിബാക്കി 22089/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം ലയബിലിറ്റി കാണിച്ചിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ Movable Assets Office Equipments നേക്കാൾ കൂടുതൽ Depreciation രേഖപ്പെടുത്തിയിരിക്കുന്നു.

5) RP സ്റ്റേറ്റ്മെന്റ് 10 പ്രകാരം Recovery From Employees - Based On Charge Certificate എന്ന ഹെഡ്ഡിൽ 10210/-രൂപ കാണിച്ചിട്ടുണ്ട്. വിശദവിവരം ലഭ്യമായിട്ടില്ല.

6) ബാലൻസ് ഷീറ്റ് B9 - ൽ Employees Share (NPS) ലയബിലിറ്റ് ഡ്യൂ ആക്കിയിട്ടില്ല.

7) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-5(B) ൽ Sale Of Userfructs Of Trees എന്ന ഷെഡ്യൂളിൽ 500/- രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ഇത്തരമൊരു തുക വരവ് വന്നിട്ടില്ല.

## 1-3 സാമ്പത്തിക നില

**സാമ്പത്തിക വിശകലനം** (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,10,56,899 |
| വരവ് | 5,89,97,697 |
| ആകെ | 7,00,54,596 |
| ചെലവ് | 5,84,94,177 |
| നീക്കിയിരിപ്പ് | 1,15,60,419 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,898 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,964 |

## 1-4 ഫണ്ട് വിനിയോഗം

**ഫണ്ട് വിനിയോഗം**

| ഫണ്ടിനം | | ഒ.ബി | വരവ് (ACR പ്രകാരം) | ആകെ | ചെലവ് (RP 7 പ്രകാരം) | സി.ബ/ ലാപ്സായ തുക. |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 8298356 | 8298356 | 6048759 | 1450953 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 3478294 | 3478294 | 3073083 | 390505 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 169000 | 169000 | 169000 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 8245000 | 8245000 | 6841907 | 1403093 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3251000 | 3251000 | 2647037 | 603963 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6954714 | 6954714 | 6384468 | 570246 |
| ദുരിതാശ്വാസ നിധി | | 9166 | 316 | 9482 | 0 | 9482 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 15366714 | 15366714 | 15366714 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 10044 | 780015 | 790059 | 789029 | 1030 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ. | | | | | | |
| 320100119 WGDP | | 12128 | 0 | 12128 | 0 | 12128 |
| 320100121 ICDS | | 484842 | 491996 | 976838 | 600000 | 376838 |
| 320200322 Suchitwa Mission | | 504000 | 0 | 504000 | 36000 | 468000 |
| 320100203 Soild Waste Mgt | | 1200000 | 0 | 120000 | 600000 | 600000 |
| 320300102 Jalanidhi | | 10000 | 0 | 10000 | 0 | 10000 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ. | | | | | | |
| 320300103 Total Sanitation | | 30213 | 0 | 30213 | 0 | 30213 |
| 320300199 | | 37500 | 3000 | 40500 | 1750 | 38750 |
| 320100115 TSC | | 358980 | 44698 | 403678 | 142000 | 261678 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് 320700104 | 280000 | 0 | 280000 | 280000 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് 320700204 | 58956 | 750000 | 808956 | 469800 | 339156 |
| | ജില്ലാ പഞ്ചായത്ത് 320700105 | 600000 | 0 | 600000 | 596126 | 3874 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് 320700205 | 257540 | 0 | 257540 | 130040 | 127500 |
| ബി ഫണ്ട്( വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം) | | | 30000 | 30000 | 30000 | 0 |
| ടോട്ടൽ സാനിട്ടേഷൻ | | 1558980 | 49787 | 1608767 | 882089 | 726678 |

കുടിവെള്ള പദ്ധതി പ്രൊജക്റ്റ് ഇനത്തിൽ 269232രൂപയും ലൈഫ് പദ്ധതി (ജനറൽ) വായ്പാ തിരിച്ചടവിനത്തിൽ 529412 രൂപയും വികസന ഫണ്ട് ജനറലിന്റെ സ്രോതസ്സിൽനിന്നും കുറവ് വരുത്തിയിട്ടുണ്ട്. ആയതിനാൽ RP 7 െല വരവ് തുകയോട് ഈ തുകകൾ കൂടി കൂട്ടിയ തുകയാണ്(6847403രൂപ)ലാപ്സായ തുക കണക്കാക്കുന്നതിന് പരിഗണിച്ചിരിക്കുന്നത്. അതുപോലെ ലൈഫ് പദ്ധതി (പട്ടികജാതി) വായ്പാ തിരിച്ചടവിനത്തിൽ 14706രൂപ വികസന ഫണ്ട് (എസ്.സി.പി) യിന്റെ സ്രോതസ്സിൽനിന്നും കുറവ് വരുത്തിയിട്ടുണ്ട്. RP 7 െല വരവ് തുകയോട് ഈ തുകകൾ കൂടി കൂട്ടിയ തുകയാണ്(3087789രൂപ)ലാപ്സായ തുക കണക്കാക്കുന്നതിന് പരിഗണിച്ചിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 81605550 | 121 | 44370937 | 4 | 38 | 54.4% |

<u>പദ്ധതി അവലോകനം.(2019-20)</u>

പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും യോഗം ചേരുകയും ചെയ്തിട്ടുണ്ട്. എന്നാൽ 15 അംഗങ്ങൾ വരെയുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങളിലെ ഹാജർ പരമാവധി 7 പേർ മാത്രമാണ് കാണുന്നത്. കൃഷി, മൃഗസംരക്ഷണം മുതലായ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സ് രേഖപ്പെടുത്തിയിട്ടില്ല. 2019-20 വർഷത്തെ പദ്ധതി രൂപീകരണത്തിനായി എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും 10/2018 ന് യോഗം ചേർന്നിട്ടുണ്ട്. ഇവ കൂടാതെ ഓഡിറ്റ് വർഷത്തിൽ 2/2020 ൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. ആയതിനാൽ തന്നെ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രൂപീകരണശേഷം മോണിറ്ററിംഗ് കമ്മറ്റികളായി പദ്ധതി പ്രവർത്തനങ്ങൾ വിലിയിരുത്തണമെന്ന പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ യഥാവിധി ചേരുന്നതിനും പദ്ധതി മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഓഡിറ്റ് വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. 20.12.2019ന് വികസനസെമിനാർ നടത്തിയതായി കാണുന്നുവെങ്കിലും ഇവ കൂടാതെ എല്ലാ സ്റ്റാൻഡിംഗ് കമ്മറ്റികളും ചട്ടപ്രകാരം യോഗങ്ങൾ കൂടുകയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10044 | 780015 | 790059 | 789028 | 1031 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15366714 | 15366714 | 15366714 | 0 |
| ആകെ | 10044 | 16146729 | 16156773 | 16155742 | 1031 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3720 | 4 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 862200 | 289 |
| വിധവാപെൻഷൻ | 3078000 | 1039 |
| വാർദ്ധക്യകാലപെൻഷൻ | 5702700 | 1859 |
| വികലാംഗപെൻഷൻ | 833300 | 289 |
| അവിവാഹിതകൾക്കുള്ള പെൻഷൻ | 169200 | 57 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.10.2021ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4814/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2020 | 01.02.2020-30.09.2020 വരെ | 24.09.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07/2007 | 1997-98 മുതൽ 2006-07 വരെ | 30.07.2007 |

## 1-10 ഗ്രാമസഭ

2019-20 വർഷത്തിലെ വാർഷിക പദ്ധതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ട ഗ്രാമസഭായോഗങ്ങൾ 2018 ഒക്ടോബർ,നവംബർ മാസങ്ങളിലായി ചേർന്നിട്ടുണ്ട്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് അംഗീകരിക്കുന്നതിനായി ഓഡിറ്റ് വർഷത്തിൽ 7/2019 ലും 1/2020 ലും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഇവയിൽ 7/2019ൽ ചേർന്ന ഗ്രാമസഭയിൽ 2018-19 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം നടത്തിയിരിക്കുന്നതായും 1/2020, 2/2020മാസങ്ങളിൽ കൂടിയ ഗ്രാമസഭകളിൽ 2020-21 വർഷത്തെ പദ്ധതി രൂപീകരണം നാമമാത്രമായ രീതിയിൽ പരാമർശിച്ചിരിക്കുന്നതായും കാണുന്നു. ഗ്രാമസഭകളിൽ ക്വാറം തികയുകയും മെച്ചപ്പെട്ട സ്ത്രീ പ്രാതിനിധ്യം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

.

## 1-11 ആഭ്യന്തര നിയന്ത്രണം

ഓഡിറ്റ് വർഷത്തിൽ എല്ലാ മാസങ്ങളിലും സ്റ്റാഫ് മീറ്റിംഗ് കൂടുകയും ഓഫീസ് പ്രവർത്തനങ്ങൾ ചർച്ചചെയ്യുകയും ചെയ്തിട്ടുണ്ട്.എന്നാൽ മിനുട്സുകൾ കൃത്യമായി എഴുതിയിരിക്കുന്നത് 9/2019 വരെ മാത്രമാണ്. സ്റ്റാഫ് മീറ്റിംഗ് മിനുട്സ് ബുക്കിന്റെ 47, 48, 49 പേജുകളിൽ മൂന്ന് തവണ സ്റ്റാഫ് മീറ്റിംഗ് കൂടിയതായി രേഖപ്പെടുത്തൽ നടത്തിയിട്ടുണ്ടെങ്കിലും തീയതി ഉൾപ്പെടെയുള്ള അടിസ്ഥാന വിവരങ്ങളോ, അജണ്ട, മിനുട്സ് എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങളോ രേഖപ്പെടുത്താതെ ഒഴിച്ചിട്ടിരിക്കുന്നതായാണ് കാണുന്നത്. സ്റ്റാഫ് മീറ്റിംഗ് മിനുട്സുകൾ കൃത്യമായി രേഖപ്പെടുത്തിവെക്കുന്നതന്റെ ആവശ്യകതയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

ഓഫീസ് ഓർഡർ ബുക്കിൽ ഉത്തരവാദിത്ത വിഭജനം സമയാസമങ്ങളിൽ വ്യക്തമായി നടത്തിയിരിക്കുന്നതായി കാണുന്നു. വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വകുപ്പിന് സമർപ്പിക്കൽ, ഐ.എസ്.ഒ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ, വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കൽ, പുറമ്പോക്ക് സ്ഥലങ്ങളുടെ വിവരങ്ങൾ ശേഖരിക്കൽ, കാലവർഷക്കെടുതി സമയത്ത് അവധി ദിവസങ്ങളിൽ ഓഫീസ് തുറക്കൽ മുതലായ ചുമതലകളെല്ലാം സമയാസമയങ്ങളിൽ വിഭജിച്ച് നൽകിയതായി കാണുന്നുണ്ട്.

## 1-12 സ്ഥാപന തൊഴിൽ നികുതി

താഴെ പറയുന്ന സ്ഥാപന സ്ഥാപനങ്ങളിലെ **2019-20** വർഷത്തെ സ്ഥാപന തൊഴിൽ നികുതി

അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 6/2019-20 തീയതി 25/10/2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| സ്ഥാപനത്തിന്റെ പേര് | ഈടാക്കുവാനുള്ള അർദ്ധ വർഷ നികുതി |
|---|---|
| കൊശമറ്റം ഫിനാൻസ് | രണ്ടാം പകുതി |
| ചെമ്മണ്ണൂർ ക്രഡിറ്റ് ആന്റ് ഇൻവെസ്റ്റ്മെന്റ് ലി.മി | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| സർവീസ് സഹകരണ ബാങ്ക് നം 2824 | രണ്ടാം പകുതി |
| മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്ക് | രണ്ടാം പകുതി |
| കാനറാ ബാങ്ക് | ആദ്യ പകുതി |
| ഇൻഡസ് ഇൻഡ് മാർക്കറ്റിങ്ങ് &ഫിനാൻഷ്യൽ സർവ്വീസ് | ആദ്യ പകുതിയും, രണ്ടാം പകുതിയും |
| സ്പന്ദന ഫിനാൻസ് | ആദ്യ പകുതി |

## 1-13 സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2019-20 സാമ്പത്തീക വർഷത്തിൽ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം5/2019-20 തിയതി 25/10/2021 ന് സെക്രട്ടറി നൽകിയ മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടയ്ക്കുന്നതിന് സ്ഥാപന ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | റീമാർക്സ് |
|---|---|---|---|
| 1 | സെന്റ് മേരീസ് സോ മിൽ | 6 | 1&2 അർദ്ധവർഷം |
| 2 | എസ് ആർ ട്രേഡേഴ്സ് | 7 | 1&2 അർദ്ധവർഷം |
| 3 | പാസ് ഇലക്ട്രിക്കൽസ് | 6 | 1&2 അർദ്ധവർഷം |
| 4 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | 5 | 1&2 അർദ്ധവർഷം |
| 5 | വിസ്മൃതി | 5 | 1&2 അർദ്ധവർഷം |
| 6 | കല്ലിങ്കൽ റസ്റ്റോറന്റ് | 6 | 1&2 അർദ്ധവർഷം |
| 7 | മാതാ ഓട്ടോ വർക്സ് | 6 | 1&2 അർദ്ധവർഷം |
| 8 | വികാസ് ഹോട്ടൽ | 5 | 1&2 അർദ്ധവർഷം |
| 9 | സ്കിൽടെക്ക് സർവ്വീസ് സെന്റർ | 6 | 1&2 അർദ്ധവർഷം |
| 10 | എക്സ്പ്രസ് ക്ലീൻ | 6 | 1&2 അർദ്ധവർഷം |
| 11 | ന്യൂ ഹൈറേഞ്ച് ടൈൽസ് | 8 | 1&2 അർദ്ധവർഷം |

## 1-14 ക്ഷീരസഹകരണ സംഘങ്ങൾ ലൈസൻസ്

പഞ്ചായത്ത് പ്രദേശത്ത് 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്, 2019-2020 വർഷം ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 15/2019-20 തീയതി 1/11/2021 ക്കുള്ള സെക്രട്ടറിയുടെ മറുപടിയിൽ പഞ്ചായത്ത് പ്രദേശത്ത്

പ്രവർത്തിക്കുന്ന 2 ക്ഷീരസഹകരണ സംഘങ്ങളുടെയും ലൈസൻസ് പുതുക്കുവാൻവേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-15 സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ

1) ധനകാര്യ (എസ്.എഫ്.സി.സെൽ-ബി) വകുപ്പിന്റെ സ.ഉ.(എം.എസ്) നം. 278/2018 ധന. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പെൻഷനറുടെ മരണശേഷവും തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നുണ്ട്. വിശദവിവരം ഭാഗം 3-1 ൽ ചേർത്തിട്ടുണ്ട്

2) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ- അന്വേഷണ ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് മറികടന്ന് പെൻഷൻ അനുവദിച്ചു.

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ ലഭിച്ച ചുവടെ കൊടുത്തിരിക്കുന്ന അപേക്ഷകളിൽ വിവിധ കാരണങ്ങളാൽ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി പെൻഷന് അർഹതയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സെക്രട്ടറിയും വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതിയുടെ 3.1.2020 ലെ 6/1 നമ്പർ തീരുമാന പ്രകാരം ഇവ അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം | അപേക്ഷകന്റെ പേര്,വീട്ടുപേര് / വാർഡ് നം. | അപേക്ഷാ നം/ തീയതി | അന്വേഷണ ഉദ്യോഗസ്ഥന്റെ (വി.ഇ.ഒ) റിപ്പോർട്ട് |
|---|---|---|---|
| 1 | മാത്യു എൻ.വി. നെടുംചാലിൽ വാഴക്കുളം /1 | A5-2520/19 26.6.19 | 15 സെന്റ് സ്ഥലം, രണ്ട് മക്കൾ, മകളുടെ വിവാഹം കഴിഞ്ഞു, മകന് സ്വകാര്യ ചിട്ടിക്കമ്പനിയിൽ ജോലി, അപേക്ഷകന് ബാർ ഹോട്ടലിൽ ജോലി, 2012 മോഡൽ 1000 സി.സി മുകളിലുള്ള ടാറ്റാ ഇൻഡിക്ക കാർ ഉള്ളതിനാൽ പെൻഷൻ മാനദണ്ഡങ്ങൾക്കതീതമാണ്. എന്നാൽ മറ്റ് ഭൗതിക സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ സാമ്പത്തികമായി മറ്റ് വരുമാനമാർഗ്ഗങ്ങളില്ല. ആയതിനാൽ അന്തിമ തീരുമാനത്തിനായി ക്ഷേമ സമിതിക്കു സമർപ്പിക്കുന്നു. |
| 2 | ശാന്തകുമാരി വാസുപ്പിള്ള , നങ്ങശ്ശേരിക്കൽ /, വാഴക്കുളം /2 | A5-1985 2.5.19 | 50 സെന്റ് സ്ഥലം, 1600 സ്ക്വയർ ഫീറ്റ് വലിപ്പത്തിൽ ആധുനിക രീതിയിൽ പണി കഴിപ്പിച്ച വീട്, മാരുതി സ്വിഫ്റ്റ് കാർ(1197 Cc) ഉണ്ട്, മകന് എറണാകുളത്ത് പ്രൈവറ്റ് ജോലി, വാർദ്ധക്യകാല പെൻഷന് അർഹതയില്ല. |
| 3 | കെ.എസ് വിശ്വനാഥൻ നായർ കരോട്ടെ കുളങ്ങര, മടക്കത്താനം /10 | A5-1847/ 10.4.19 | 32 സെന്റ് സ്ഥലം, 2 മക്കൾ , മകളുടെ വിവാഹം കഴിഞ്ഞു. മകന് സ്വകാര്യ ചിട്ടിക്കമ്പനിയിൽ ജോലി, ഹ്യുണ്ടായി സാൻട്രോ കാർ ഉണ്ട്. അപേക്ഷകൻ മരണാനന്തര ക്രിയകൾക്ക് പോകുന്നുണ്ട്. പെൻഷന് അർഹതയില്ല. |
| 4 | സിസിലി ജോർജ് , പോത്താനംകുന്നേൽ വടകോട് , വാഴക്കുളം /5 | A5-3250/19 24.8.19 | 78 സെന്റ് സ്ഥലം, 2 മക്കൾ, മകളുടെ വിവാഹം കഴിഞ്ഞു. മകൻ ജ്യോതി ലാബ് സെയിൽസ് മാൻ, മാരുതി സ്വിഫ്റ്റ് കാർ ഉണ്ട് . പെൻഷന് അർഹതയില്ല. |

ധനകാര്യ(എസ്.എഫ്.സി.സെൽ-ബി) വകുപ്പിന്റ സർക്കുലർ നം.90/2019/ധന.തീയതി 18.11.2019 പ്രകാരം കുടുംബത്തിൽ 1000 സി.സി യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള എ.സി വാഹനങ്ങൾ ഉള്ളവർക്ക് പെൻഷന് അർഹത ഉണ്ടായിരിക്കുകയില്ല. കൂടാതെ ധനകാര്യ(എസ്.എഫ്. സി.സെൽ -ബി) വകുപ്പിന്റ സ.ഉ.(എം.എസ്) നം.278/2018 ധന. തീയതി 3.8.2018 പ്രകാരം അത്തരക്കാരെ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കാൻ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ നടപടി സ്വീകരിക്കേണ്ടതാണ് എന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ സെക്രട്ടറിയും അന്വേഷണ ഉദ്യോഗസ്ഥരും നിരസിച്ചിട്ടും ഭരണസമിതി മുകളിൽ പറഞ്ഞിരിക്കുന്ന വ്യക്തികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ രാജീവ് എൻ.ടി.(A5-2674/2019, 9.7.19), ചന്ദ്രിക സോമൻ(A5- 332/2019, 28.1.2019), ജസീന്തമാത്യു(A5/2476/19, 24.6.19), ഗോപാലകൃഷ്ണൻ നായർ( A5-1849/10.4.19), ചെല്ലപ്പൻ പിള്ള(A5-19660, 30.4.19), ജെയിംസ് ജോസഫ്(A5-1237/19, 1.3.19) എന്നിവരുടെ അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥർ വിയോജിപ്പ് രേഖപ്പെടുത്തിട്ടും ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്.

ധനകാര്യവകുപ്പിന്റെ 31.3.2018 ലെ സർക്കുലർ പ്രകാരം പരിശോധനാ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിൻ മേൽ പഞ്ചായത്ത് കമ്മറ്റി വിയോജിച്ചാൽ അപേക്ഷ പുനരന്വേഷണത്തിന് വിധേയമാക്കേണ്ടതും വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, പ്രാദേശിക സർക്കാരിലെ മറ്റൊരു ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ സമിതി അപേക്ഷയിൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതുമാണ്. മേൽ അപേക്ഷകൾ സംബന്ധിച്ച് ഇത്തരത്തിലുള്ള നടപടികൾ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/1.11.21) മറുപടി ലഭ്യമായിട്ടില്ല. അപേക്ഷകളിൽ പുനരന്വേഷണം നടത്തേണ്ടതും പുതിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

## <u>1-16 പച്ചക്കറി കൃഷി -പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പച്ചക്കറി കൃഷി എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പ്രോജക്ട് നമ്പർ** | **28/19-20** |
|---|---|
| പ്രൊജക്ടിന്റെ പേര് | പച്ചക്കറി കൃഷി |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 130000/-(വികസന ഫണ്ട്-100000/- മറ്റുള്ളവ-30000/-) |
| ആകെ ചെലവ് | 69289/- വികസന ഫണ്ട്<br>29411/- ബിൽ നം.3/19-20 തീയതി 31.1.20<br>8000/-(ബിൽനം. ലഭ്യമായിട്ടില്ല)<br>2000/-ബിൽ നം .7/19-20 തീയതി 22.2.20)<br>28878/- (ഗുണഭോക്തൃ വിഹിതം) |

മേൽ പദ്ധതിപ്രകാരം ജൈവ വളം വാങ്ങുന്നതിനും പച്ചക്കറി വിത്തുകൾ വാങ്ങുന്നതിനുമായി 69289/- രൂപ ഗ്രാമ പഞ്ചായത്തിലെ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 67289/- രൂപയുടെ ചെലവുരേഖകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി 2000/- രൂപ (ബിൽ നം. 7/19-20 ,തീയതി 22.2.20) പച്ചക്കറി വിത്തുകൾ വാങ്ങുന്നതിനായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോമോഷൻ കൌൺസിൽ (VFPCK), ആലത്തൂർ, പാലക്കാടിന് നൽകിയിട്ടുണ്ടെങ്കിലും ഫയൽ പരിശോധിച്ചതിൽ നിന്നും വിത്തുകൾ വാങ്ങിയതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഈ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും ഫയലിൽ ലഭ്യമല്ല.മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/27.10.21) മറുപടി ലഭ്യമായിട്ടില്ല. പരാമർശത്തിലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതു വരെ 2000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-17 ജാതിക്കൃഷി വികസനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

2019-20 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ജാതികൃഷി വികസനം എന്ന പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | 30/19-20 |
|---|---|
| പ്രൊജക്ടിന്റെ പേര് | ജാതിക്കൃഷി വികസനം |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ തുക | 133333/-(വികസന ഫണ്ട്-100000/-<br>മറ്റുള്ളവ-33333) |
| ആകെ ചെലവ് | 133262/-<br>99947/-<br>(69983/-ബിൽ നം.2/19-20, തീയതി6.2.20<br>29964/-ബിൽ നം. 10/19-20,തീയതി<br>19.320)(വികസന ഫണ്ട്)<br>33315/-(മറ്റുള്ളവ) |

മേൽ പദ്ധതിപ്രകാരം 133262 രൂപ ജൈവകീടനാശിനി/ജൈവവളം വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.ഇതിൽ 22417/- രൂപ (ടാക്സ് ഇൻവോയിസ് നം.156/2019-20 തീയതി 29.1.20 ) Pseudomonas -176 Kg, Trichoderma -125 Kg വാങ്ങുന്നതിനും, 7547/- രൂപ (ടാക്സ് ഇൻവോയിസ് നം.189/2019-20 തീയതി 4.3.20)Pseudomonas-41kg, Trichoderma -55 Kgവാങ്ങുന്നതിനുമായി ആകെ 29964/-(ബിൽ നം. 10/19-20,തീയതി 19.3.20) രൂപ ഗ്രാമ പഞ്ചായത്തിലെ വികസന ഫണ്ടിൽ നിന്നും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി റൈസ് റിസേർച്ച് സ്റ്റേഷൻ വൈറ്റില, എറണാകുളത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ നിന്നും നാളിതുവരെയായി ജൈവ കീടനാശിനി ലഭ്യമാക്കുകയോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റും ഫയലിൽ ലഭ്യമല്ല .മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/27.10.21) മറുപടി ലഭ്യമായിട്ടില്ല. പരാമർശത്തിലെ അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 29964/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ക്യാൻസർ കെയർ പദ്ധതി അപാകതകൾ

| പ്രോജക്ട് നമ്പർ | 158/2019-20 |
|---|---|
| പ്രൊജക്ടിന്റെ പേര് | ക്യാൻസർ കെയർ |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്.സി.മഞ്ഞള്ളൂർ |
| അടങ്കൽ | 1,00,000/-(തനതുഫണ്ട്) |
| ചെലവ് | 54790/- |
| ബിൽ നംമ്പർ,തീയതി | 50710004019020,17/01/2020 |

ജില്ലാ ആസൂത്രണസമിതിയുടെ സമഗ്രക്യാൻസർ നിയന്ത്രണ പരിപാടി എന്ന പദ്ധതിപ്രകാരമാണ് ക്യാൻസർ വിമുക്ത എറണാകുളം എന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്. പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ അതാതു ആരോഗ്യസ്ഥാപനം വഴി എല്ലാ വാർഡുകളിലും കുറഞ്ഞത് ഒരു ക്യാൻസർ അവബോധപരിപാടിയെങ്കിലും പൊതുജനങ്ങൾക്കായി നടത്തേണ്ടതാണെന്നും ഇത്തരത്തിൽ വാർഡുകളിൽ നിന്നും ക്യാൻസർ രോഗം സംശയിക്കപ്പെടുന്നവർക്കുള്ള പ്രിലിമിനറി സ്ക്രീനിംഗ് മെഡിക്കൽ ഓഫീസറുടെ നിർദ്ദേശാനുസരണം ജെ.പി.എച്ച്.എൻ./ജെ.എച്ച്.ഐ വഴി ബന്ധപ്പെട്ട ആരോഗ്യസ്ഥാപനത്തിൽ നടത്തുകയും ബയോപ്സി/എഫ്.എൻ.എ.സി/പാപ്സ്മീർ തുടങ്ങി കൂടുതൽ പരിശോധന ആവശ്യമുള്ളവരെ ബന്ധപ്പെട്ട താലൂക്ക്/ജില്ലാ/ജനറൽ ആശുപത്രിയിലേക്ക് റെഫർ ചെയ്യേണ്ടതുമാണെന്നും പരാമർശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ബോധവൽക്കരണ ക്ലാസിനോടൊപ്പം ക്യാൻസർരോഗനിർണ്ണയ ക്യാമ്പുകൾ നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് കൊണ്ടും, ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നടപ്പിലാക്കിയ ക്യാൻസർ കെയർ എന്ന പദ്ധതിയുടെ ഭാഗമായി ബോധവൽക്കരണക്ലാസിൽ പങ്കെടുത്തവരുടെ ലിസ്റ്റ് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്നീ അപാകതകൾക്ക് വിശദീകരണം നൽകുവാനാവശ്യപ്പെട്ടു കൊണ്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.17/1.11.21) മറുപടി ലഭ്യമായിട്ടില്ല. (ഭാവിയിൽ ഇത്തരം ബോധവൽക്കരണ ക്യാംപയിനുകൾക്കൊപ്പം രോഗനിർണ്ണയ ക്യാമ്പുകൾ കൂടി ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.)

**1-19 ഗുണഭോക്തൃ വിഹിതം ഈടാക്കിയത് ചെലവഴിക്കാതെ അവശേഷിക്കുന്നു**

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികയിൽ ബി4- ഷെഡ്യൂളിൽ ബെനഫിഷറി കോൺട്രിബ്യൂഷൻ (320800101) എന്ന ഹെഡിൽ 224500/- രൂപ ബാധ്യതയായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ ബാധ്യതയായി വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നതിനും ഇവ ഏതേതു പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ളതാണെന്നും ആ പദ്ധതികൾ നടപ്പാക്കിയിട്ടില്ലെങ്കിൽ ഗുണഭോക്തൃ വിഹിതം ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് തിരിച്ച് നൽകാത്തതിനും വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം .24/1.11.21) മറുപടി യിൽ ഈ തുക 2012 ൽ സാംഖ്യ ആരംഭിച്ച സമയത്ത് ഒ.ബി ആയി കാണിച്ചിരിക്കുന്ന തുകയാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമിനത്തിൽ ഈടാക്കിയ ഈ തുകകൾ ഏതാണെന്ന് കണ്ടെത്തി പദ്ധതികൾ നടപ്പാക്കിയിട്ടില്ലെങ്കിൽ ആയത് ഗുണഭോക്താക്കൾക്ക് തിരിച്ചു നൽകുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതുമാണ്.

**1-20 തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി**

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളുടെ കരാറുകാർക്ക് അനുവദനീയമല്ലാത്ത തുക നൽകിയിട്ടുണ്ട്. പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് അനുവദിക്കാവുന്ന ഷാർപ്പനിംഗ് ചാർജാണ് മെറ്റലും സിമന്റും ഉൾപ്പെടെയുള്ള മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്ക് അനുവദിച്ചിട്ടുള്ളത്. മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവയുടെ വാടക നൽകിയത് കൂടാതെയാണ് ഇപ്രകാരം തുക നൽകിയിട്ടുള്ളത്. വിശദ വിവരം ഭാഗം 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-21 കുടിവെള്ള പൈപ്പുകൾ - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ**

ഗ്രാമ പഞ്ചായത്തിൽ ഭീമമായ തുകയാണ് കുടിവെള്ള കരം ഇനത്തിൽ കുടിശ്ശികയുള്ളത്.

കേരള വാട്ടർ അതോറിറ്റി പഞ്ചായത്തിന് 8.8.19 ന് നല്കിയ 35423 നം ഡിമാന്റ് നോട്ടീസ് പ്രകാരം 31.08.19നകം വെള്ളക്കരമിനത്തിൽ നൽകേണ്ട തുക താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| 31.07.19 വരെയുള്ള തുക | 55,01,948/- |
| പിഴ | 1,07,901/- |
| തൻമാസത്തെ തുക | 1,15,500/- |
| ആകെ | 57,25,349/- |

ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിൽ ആകെയുള്ള പൈപ്പുകളുടെ എണ്ണം 264 ആണ്. ഇവയിൽ ആവശ്യമില്ലാത്തതും ഉപയോഗശൂന്യമായിട്ടുള്ളതും ആയ പൈപ്പുകൾ വിച്ഛേദിക്കുന്നതിന് 2019-20ൽ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പ്രൊജക്ടിന്റെ പേര് | S0155/20<br>ഉപയോഗ ശൂന്യമായ കുടിവെള്ള കണക്ഷൻ വിച്ഛേദിക്കൽ |
| അടങ്കൽ | 260000/- |
| ചെലവ് | 197000/-<br>ഓൺലൈൻ പേയ്മെന്റ് 25.09.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.21 ൽ ഓഡിറ്റ് എൻക്വയറി (നം.1) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1. ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലേയും നിലനിർത്തേണ്ട കുടിവെള്ളടാപ്പുകളുടെ വിവരങ്ങൾ അതത് വാർഡ് മെമ്പർമാർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 90 ടാപ്പുകൾ മാത്രമാണ് നിലനിർത്തേണ്ടത് എന്ന് പഞ്ചായത്ത് കമ്മറ്റി 29.05.2019 ൽ കൂടിയ യോഗത്തിൽ തീരുമാനമെടുക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും 31.12.2019 ൽ നടത്തിയ സംയുക്ത പരിശോധനയിൽ 264 ടാപ്പുകൾ ഉള്ളതായാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് വലിയ അന്തരമാണുള്ളത്.

2. വാട്ടർ അതോറിറ്റി റദ്ദ് ചെയ്ത കണക്ഷനുകളുടെ വിവരം ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

3. കണക്ഷനുകൾ റദ്ദാക്കിയതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ ബില്ലിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

4. വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 1.10.2021 ലെ A2 – 52/2020 കത്ത് പ്രകാരം ചെലവഴിച്ച തുക 151649 ആണ്. ചെലവഴിക്കാത്ത് തുകയായി രേഖപ്പെടുത്തിയിരിക്കുന്ന 45351 തിരികെ ലഭിച്ചിട്ടില്ല.

5. കുടിവെള്ള കണക്ഷൻ വിച്ഛേദിക്കുന്നതിന് ഗ്രാമ പഞ്ചായത്തും വാട്ടർ അതോറിറ്റിയും തമ്മിൽ ഒപ്പ് വെച്ച കരാറിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. അപൂർണ്ണമായ കരാർ ഒപ്പ് വെച്ചതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

കുടിവെള്ള പൈപ്പുകൾ സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും വാട്ടർ അതോറിറ്റിയിൽ നിന്ന് തിരികെ ലഭിക്കാനുള്ള 45351 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കുടിവെള്ള പദ്ധതി- അവശേഷിക്കുന്ന തുക തിരികെ ഈടാക്കണം

പിരളിമറ്റം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് 2019-20 വർഷം പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം/ പ്രൊജക്ടിന്റെ പേര് | S0009/20<br>കുടിവെള്ള കണക്ഷന് ട്രാൻസ് ഫോർമർ സ്ഥാപിക്കൽ |
| അടങ്കൽ, ഫണ്ടിനം | 1000000/-<br>ധനകാര്യ കമ്മീഷൻ അവാർഡ് |
| ചെലവ് | 1000000/-<br>ഓൺലൈൻ പേയ്മെന്റ് 20.01.2020 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 22.10.21 ൽ ഓഡിറ്റ് എൻക്വയറി (നം.3 ) നൽകി. എന്നാൽ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

1.ട്രാൻസ്ഫോർമറിന്റെ കപ്പാസിറ്റി കുറവായതിനാൽ മണിയന്തടം കോളനി, വടവുകോട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നതിനാൽ കെ.എസ്.ഇ.ബി. നിർദ്ദേശാനുസരണമാണ് പുതിയ ട്രാൻസ് ഫോർമർ സ്ഥാപിക്കുന്നതിന് തീരുമാനിച്ചത്. പ്രൊജക്ട് പൂർത്തീകരണത്തിന്റെ അടിസ്ഥാനത്തിൽ കുടിവെള്ള പദ്ധതിയുടേയും കുടിവെള്ള ലഭ്യതയുടേയും നിലവിലെ അവസ്ഥ വ്യക്തമാക്കിയില്ല.

2.വാട്ടർ അതോറിറ്റി ലഭ്യമാക്കിയ 1.10.2021 ലെ യൂട്ടിലൈസേഷൻ കത്ത് A2 – 52/2020 പ്രകാരം ചെലവഴിച്ച തുക 733500 ആണ്. ചെലവഴിക്കാത്ത തുകയായി വിനിയോഗ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 266500 രൂപ തിരികെ ലഭിച്ചിട്ടില്ല.

266500 രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

## 1-23 ലൈഫ് പദ്ധതി - വാങ്ങിയ സ്ഥലം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം

ഗ്രാമ പഞ്ചായത്ത് 2019-20 ൽ ലൈഫ് ഭവനപദ്ധതിക്ക് വേണ്ടി സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം/ പ്രൊജക്ടിന്റെ പേര് | S0170/20<br>ലൈഫ് സമ്പൂർണ്ണ പദ്ധതി സ്ഥലം വാങ്ങൽ |
| അടങ്കൽ, ഫണ്ടിനം | തനത് ഫണ്ട് - 100000/-<br>ജില്ലാ പഞ്ചായത്ത് -10000000/-<br>ആകെ - 10100000 |
| ചെലവ് | ജില്ലാ പഞ്ചായത്ത് - 7297605/-<br>ട്രഷറി ബിൽ നം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ഗ്രാമ പഞ്ചായത്ത് കമ്മറ്റി 16.11.2019 ലെ 1(5) നം കമ്മറ്റി തീരുമാന പ്രകാരം ഭൂരഹിതരായ ഗുണഭോക്താക്കൾക്ക് സ്ഥലം വാങ്ങുന്നതിന് തീരുമാനിച്ചു. 12.12.2019 ൽ A 4 -4010/2018 പ്രകാരം താല്പര്യ പത്രം ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന വസ്തു വാങ്ങുകയും ചെയ്തു.

| | |
|---|---|
| വസ്തു ഉടമയുടെ പേര് | മത്തായി എം റ്റി,<br>കദളിക്കാട്,<br>മഞ്ഞള്ളൂർ |
| സ്ഥല വിസ്തീർണ്ണം | 2 ഏക്കർ 8.5 സെന്റ് |
| സർവ്വെ നം | 104/1-2,104/3-2,<br>മഞ്ഞള്ളൂർ വില്ലേജ് |
| തീറാധാര തീയതി | 21.03.2020 |
| വില | 7297605/- |

ഗ്രാമ പഞ്ചായത്തിൽ 45 പേരോളം ലൈഫ് ഭവന പദ്ധതി ഭൂരഹിത ഭവന രഹിത വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാർച്ച് 2020 ൽ സ്ഥലം വാങ്ങിയിട്ടും നാളിതുവരെ സ്ഥലം ഗുണഭോക്താക്കൾക്ക് നൽകാൻ സാധിച്ചിട്ടില്ല. വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 7.8.20 ലെ തീരുമാനം നം II(1) താഴെ ചേർക്കുന്നു.

"ജില്ലാ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാങ്ങിയ 2 ഏക്കർ 8 ½ സെന്റ് സ്ഥലം ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിത ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരഹിതരായവർക്ക് 3 സെന്റ് സ്ഥലം വീതം അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനിച്ചു"

ഇത് കൂടാതെ പഞ്ചായത്ത് കമ്മറ്റി താഴെ പറയുന്ന തീരുമാനങ്ങളും ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എടുത്തിട്ടുണ്ട്.

| ക്രമ നം | കമ്മറ്റി തീരുമാനം നം | തീരുമാനം |
|---|---|---|
| 1 | 25.4.20 | ഗുണഭോക്താക്കൾക്ക് സ്ഥലം വിതരണം ചെയ്യണം |
| 2 | 27.8.20 | ഭൂമി നിരപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം |
| 3 | 28.9.20 | സ്ഥലം അളന്ന് തിരിക്കുന്നതിന് നടപടി സ്വീകരിക്കണം |

ഗ്രാമപഞ്ചായത്ത് 2020-21 ൽ ഭൂമി നിരപ്പാക്കലിനും റോഡ് രൂപീകരണത്തിനുമായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം / പേര് | S0200/21<br>ലൈഫ് മിഷൻ പദ്ധതിക്ക് വാങ്ങിയ ഭൂമി നിരപ്പാക്കലും റോഡ് രൂപീകരണവും. |
| ചെലവ് | 494141 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി: എഞ്ചിനീയർ |

ഇപ്രകാരം ഭൂമി നിരപ്പാക്കൽ നടത്തിയിട്ടും സ്ഥലം അർഹരായവർക്ക് അളന്ന് നൽകുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ല.

അർഹരായ ഗുണഭോക്താക്കൾക്ക് സ്ഥലം അനുവദിച്ച് നൽകുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 26.10.21 ലും (നം 14) 30.10.21 ലും (നം 13) ഓഡിറ്റ് എൻക്വയറികൾ നൽകി. ആയതിന് 26.10.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകി. ആയതിൽ ഭൂമി അതിർത്തി

തിരിക്കലിന് പ്രൊജക്ട് നം 162/21-22 പ്രകാരം പ്രൊജക്ട് രൂപീകരിച്ചിട്ടുണ്ട് എന്ന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. എൻക്വയറി നം 13 ന് മറുപടി ലഭ്യമാക്കിയില്ല.

ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി സ്ഥലം വാങ്ങിയിട്ടും സമയബന്ധിതമായി ഗുണഭോക്താക്കൾക്ക് സ്ഥലം നൽകാൻ സാധിച്ചിട്ടില്ല. ഇക്കാര്യം പഞ്ചായത്ത് ഭരണസമിതി പരിശോധിച്ച് സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 പാലിയേറ്റീവ് രോഗിബന്ധു സംഗമം - സാധനങ്ങൾ ക്വട്ടേഷൻ ഇല്ലാതെ വാങ്ങി

| | |
|---|---|
| പ്രോജക്ട് നം | 113/2029-20 (SO) |
| പേര് | പാലിയേറ്റീവ് രോഗിബന്ധു സംഗമവും വൊളന്റിയേഴ്സ് പരിശീലനവും |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ<br>പി എച്ച് സി, മഞ്ഞള്ളൂർ |
| അടങ്കൽ | 100000/- |
| ചെലവ് | 100000/- |
| ബിൽനം/തിയതി | 507100040119001, 11/07/2019 |

പാലിയേറ്റീവ് രോഗിബന്ധു സംഗമവും വൊളന്റിയേഴ്സ് പരിശീലനവും എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ സർജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്നും 33950/- (ഓൺലൈൻ ട്രാൻസ്ഫർ SBIN0070154-67238908390) രൂപയുടെ സാധനങ്ങൾ (വീൽചെയർ, ബാക്ക് റെസ്റ്റ് മുതലായവ) ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയതായി കാണുന്നു. കൂടാതെ വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിൽ ചേർത്തതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/2019-20 തീയതി 1/11/2021 ന് മറുപടി ലഭ്യമാക്കിയില്ല.

കേരളാ ഫിനാൻഷ്യൽ കോഡ് വാല്യം 1, ആർട്ടിക്കൾ 147 പ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ സ്റ്റോറുകൾ കൈപ്പറ്റുവാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിച്ച് സ്റ്റോക്കിൽ എടുക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തതിന്റെ വിവരങ്ങൾ ഹാജരാക്കേണ്ടതും ക്വട്ടേഷൻ ഇല്ലാതെ വാങ്ങിയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവർത്തികൾ -അപാകങ്ങൾ

എ)മരാമത്ത് പ്രവർത്തികൾ ഭൂരിപക്ഷവും സ്പിൽ ഓവർ.

2019-20 വർഷത്തിൽ വിഭാവനം ചെയ്തിരുന്നത് 88 മരാമത്ത് പ്രവർത്തികളാണ്. ഇവയിൽ 51 എണ്ണം തൻവർഷത്തെയും 37 എണ്ണം സ്പിൽ ഓവറുമായിരുന്നു. സ്പിൽ ഓവറിൽ 36 പ്രൊജക്ടുകളും തൻവർഷ പ്രൊജക്ടുകളിൽ 29 എണ്ണവുമാണ് പൂർത്തിയായത്. ആകെ ചെലവ് തുകയായ 17006134 രൂപയിൽ 8933879 രൂപയും സ്പിൽ ഓവർ പ്രവർത്തികൾക്കായാണ് ചെലവഴിച്ചിരിക്കുന്നത്. 2018-19 വർഷത്തിലെ പദ്ധതിതുകയുടെ അപര്യാപ്തത ഒരു കാരണമായിട്ടുണ്ടെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലെ കാലതാമസവും ഈ വർഷത്തിൽ പ്രവൃത്തികൾ സ്പിൽ ഓവറാകുന്നതിന് കാരണമായിട്ടുണ്ട്. താര്യതമ്യേന ചെറിയ പ്രവൃത്തികളും പൂർത്തീകരണത്തിലെ കാലതാമസത്താൽ ക്യൂ ബില്ലിലേക്ക് മാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. ഉദാഹരണമായി 8/2018 ൽ ടെൻഡർ നടപടികൾ പൂർത്തിയാക്കിയതിനെ തുടർന്ന് 01.10.2018 ന് കരാർ ഉടമ്പടി ചമച്ച് അതേ ദിവസം തന്നെ പ്രവൃത്തി സ്ഥലം കൈമാറിയ ഭജന മഠം – തച്ചിലേടത്ത്താഴം റോഡ് ടാറിംഗ് എന്ന പ്രവർത്തി (160 മീറ്റർ ദൂരം)പൂർത്തികരിച്ചിരിക്കുന്നത് 15.3.2019 ന് മാത്രമാണ്. ഇത്തരത്തിൽ പ്രവൃത്തികൾ വൈകി പൂർത്തീകരിക്കപ്പെടുന്നത് ഇവ ക്യൂബില്ലായി മാറുന്നതിന് കാരണമാവുകയും 2019-20 വർഷത്തെ പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഫണ്ടിന്റെ ലഭ്യത കുറക്കുകയും ചെയ്തു. പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ച് ക്യൂ ബില്ലാവുന്ന സാഹചര്യം പരമാവധി കുറക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

ബി)ടെൻഡർ നടപടികൾ ലക്ഷ്യം നേടുന്നില്ല.

ടെൻഡർ നടപടികൾ മരാമത്ത് ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന വിധം നടത്തുകയും രേഖകൾ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടെൻഡർ പ്രക്രിയയിൽ കരാറുകാരുടെ സജീവമായ മത്സരാധിഷ്ഠത സാന്നിദ്ധ്യം ഉണ്ടായിട്ടില്ല. 2019-20 ൽ നടപ്പിലായ പ്രവൃത്തികളിൽ ഭൂരിഭാഗം പ്രവർത്തികളിലും രണ്ട് കരാറുകാർ മാത്രം

പങ്കെടുക്കുകയും എസ്റ്റിമേറ്റ് നിരക്കിൽ മാത്രം പ്രവർത്തികൾ നൽകപ്പെടുകയുമാണുണ്ടായത്. ടെൻഡർ കുറവ് രേഖപ്പെടുത്തിയ പ്രവൃത്തികളിൽ ആയത് കേവലം 0.1% മുതൽ .5% വരെ മാത്രമാണ്. ആയിതിനാൽ തന്നെ ഈ വർഷം ടെൻഡർ സേവിംഗ് ഇനത്തിൽ 3925 രൂപ മാത്രമാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

സി)<u>ടെൻഡർ ഫോറം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിൽനിന്നും ആവശ്യമായ സമയങ്ങളിൽ ടെൻഡർ ഫോറങ്ങൾ എഞ്ചിനീയറിംഗ് സെക്ഷനിലേക്ക് നല്കി അവിടെനിന്നുമാണ് കരാറുകാർക്ക് അവ നൽകുന്നത്. എന്നാൽ ഇവയുടെ സ്റ്റോക്ക് രജിസ്റ്റർ ഗ്രാമപഞ്ചായത്തിലോ, എഞ്ചിനീയറിംഗ് സെക്ഷനിലോ സൂക്ഷിക്കുന്നില്ല.പണം ഈടാക്കി നല്കുന്ന ഇത്തരം ഫോറങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. ഇക്കാര്യത്തിലേക്ക് ബന്ധപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഡി)<u>ഇ ടെൻഡർ ഫീ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടില്ല.</u>

ഇ ടെൻഡർ ഫീ ക്രഡിറ്റ് ചെയ്യപ്പെടുന്നതിനായി സർക്കുലർ നം.DB1/7942/2010/CE/LSGD Dt.27.11.2019പ്രാകാരം ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും ആയതിലേക്ക് ഇ-ടെൻഡർ ഫീ ഇനത്തിൽ തുകകളൊന്നും ലഭ്യമായിട്ടില്ല.തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇ)<u>സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല</u>

2012 ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009-7 പ്രകാരം പെർഫോമൻസ് സെക്യൂരിറ്റി തുക ഈടാക്കേണ്ടതും ഇത് Defect Liability കാലയളവ് കഴിഞ്ഞ് ഇരുപത്തിയെട്ട് ദിവസങ്ങൾക്ക് ശേഷം കരാറുകാരനിൽനിന്നും തുകയെന്തെങ്കിലും ഈടാക്കുവാനുണ്ടെങ്കിൽ ആയത് കഴിച്ച് നൽകേണ്ടതാണ്. ഇതിനായി സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ച തിയ്യതിയോ, ഗ്യാരണ്ടി കാലയളവോ രേഖപ്പെടുത്താതെ തുക കൈപ്പറ്റിയതായി കരാറുകാരുടെ ഒപ്പ് മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത് ആയതിനാൽതന്നെ ഓരോ പ്രവർത്തിക്കും വാങ്ങിയ പെർഫോമൻസ് സെക്യൂരിറ്റി തുക നിശ്ചിത സമയപരിധിക്ക് ശേഷമാണോ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുന്നതിന് സാധിക്കുന്നില്ല. മാത്രമല്ല ഇത്തരത്തിൽ തുക നൽകുന്നതിന് മുന്നോടിയായി ചെയ്ത പ്രവർത്തിക്ക് കേടുപാടുകളൊന്നും സംഭവിച്ചിട്ടില്ലയെന്ന് ഉറപ്പാക്കുന്നതായുള്ള രേഖകളും ലഭ്യമല്ല. ഇക്കാര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-26 റോഡ് പ്രവൃത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല-പ്രവൃത്തിയുടെ അളവുകളിൽ അവ്യക്തത.</u>

ഗ്രാമപഞ്ചായത്തിലെ റോഡ് പ്രവൃത്തികളിൽ പ്രവൃത്തിയുടെ ദൈർഘ്യം കാണിക്കുന്ന ചെയിനേജ് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തന്നെ ചെയ്ത പ്രവൃത്തികളുടെ ദൈർഘ്യം രേഖപ്പെടുത്തിയിരിക്കുന്നതിൽ വിശ്വാസ്യതയില്ലാതെ വരുന്നു. ഉദാഹരണമായി തെക്ക്മല മുപ്പതേക്കർ റോഡിൽ 2018-19, 2019-20, 2020-21 വർഷങ്ങളിലായി മൂന്ന് വ്യത്യസ്ത പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആസ്തി രജിസ്റ്റർ പ്രകാരം ഒരു കിലോമീറ്റർ മാത്രം ദൈർഘ്യമുള്ള ഈ റോഡിൽ 2018-19,2019-20 വർഷങ്ങളിലായി 230 മീറ്റർ റീടാറിംഗ്(പ്രൊജക്ട് നം.130/19,118/20) 31.3 മീറ്റർ കോൺക്രീറ്റിംഗ്(പ്രൊജക്ട് നം.65/21), 200മീറ്റർ റോഡ് മെയിന്റനൻസ് (പ്രൊജക്ട് നം.62/21) എന്നിങ്ങനെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

കൂടാതെ തെക്കുംമല-കല്ലുങ്കൽ താഴം റോഡ് ടാറിംഗ് പ്രവർത്തിക്കായി 2020-21വർഷത്തിൽമാത്രം രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. റീ ടാറിംഗ് പ്രവൃത്തികൾ 132/21, 156/21 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ ദൈർഘ്യത്തിന്റെ കാര്യത്തിൽ ഇരട്ടിപ്പ് വന്നിട്ടില്ലയെന്ന് ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല. ഇക്കാര്യം ഉറപ്പ് വരുത്തുന്നതിനായി റോഡ് പ്രവൃത്തികളിൽ കൃത്യമായ ചെയിനേജ് രേഖപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## <u>1-27 എഞ്ചിനീയറിംഗ് വിഭാഗം അറിയാതെ റോഡ് കോൺക്രീറ്റിംഗ് നടത്തി.</u>

പ്രൊജക്ട് നം.99/20

പ്രവൃത്തിയുടെ പേര്:- മടക്കത്താനം ഇടക്കാട്ട് കയറ്റം റോഡ് റീ ടാറിംഗ്.

ഭരണാനുമതി നം:- 1(1)/6.12.2018

അടങ്കൽ:- 487000രൂപ

ചെലവ് തുക:- 486303.72 രൂപ.

ഈ പ്രൊജക്ടിൽ വിഭാവനം ചെയ്തിരുന്നത് റോഡിൽ സ്ഥിതിചെയ്യുന്ന കലുങ്കിന്റെ ഇരുഭാഗങ്ങളിലുമായി 24 മീറ്റർ നീളത്തിലും 3 മുതൽ 4.5 മീറ്റർ വരെ വീതിയിലും റോഡ് ടാറിംഗം അവശേഷിക്കുന്ന ഭാഗത്ത് അറ്റകുറ്റപ്പണികളുമായിരുന്നു. റോഡിന്റെ പ്രവർത്തിഭാഗത്തിന്റെ ചെയിനേജ് രേഖപ്പെടുത്താത്തതിനാൽ ഇവയുടെ ദൈർഘ്യം മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ല. എന്നാൽ പ്രവർത്തിയുടെ നിർവ്വഹണഘട്ടത്തിൽ കലുങ്കിന്റെ ഇരുവശങ്ങളിലുമുള്ള ടാറിംഗ് പ്രവർത്തികൾ ഒഴിവാക്കി അവശേഷിക്കുന്ന സ്ഥലങ്ങളിലെ അറ്റകുറ്റപ്പണികൾ മാത്രമാണ് നടത്തിയിരിക്കുന്നത്. ഒഴിവാക്കപ്പെട്ട പ്രവർത്തിയിനത്തിലൂടെ ലഭിച്ച തുകക്ക് ആനുപാതീകമായി അറ്റകുറ്റപ്പണികൾ നടത്തുന്ന റോഡിന്റെ ദൈർഘ്യം ദീർഘിപ്പിച്ചിട്ടുമുണ്ട്. ലഭ്യമാക്കിയിരിക്കുന്ന Deviation Statement പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തി നടത്തിയതിനാൽ പ്രൊജക്ടിൽനിന്നും ഈ ഇനം ഒഴിവാക്കുന്നുവെന്നാണ് കാണിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി ഇത്തരമൊരു പ്രവർത്തി നടപ്പാക്കിയിട്ടില്ലയെന്ന് തൊഴിലുറപ്പ് വിഭാഗത്തിൽനിന്നും മറുപടി ലഭിക്കുകയുണ്ടായി.

പ്രൊജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കലുങ്കിന്റെ ഇരുവശങ്ങളിലെയും ടാറിംഗ് ഇളകിപോയിരുന്നുവെന്നും എന്നാൽ കരാറുകാരനുമായി എഗ്രിമെന്റ് വെച്ച് പ്രവൃത്തി സ്ഥലം കാണിക്കുന്നതിന് എത്തിയപ്പോൾ ഈ സ്ഥലം കോൺക്രീറ്റ് ചെയ്ത് നിലയിൽകാണപ്പെടുകയുമാണ് ഉണ്ടായതെന്നും അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ പ്രവർത്തി വാർഡ് മെമ്പറുടെ നിർദ്ദേശപ്രകാരം ഒരു കരാറുകാരൻ ചെയ്തതാണെന്നും ഈ പ്രവർത്തിക്ക് യാതൊരു പ്രതിഫലവും ഇദ്ദേഹത്തിന് ലഭിച്ചിട്ടില്ലയെന്നും മറുപടിയിൽ പറയുന്നു. ഇതിന് തൊഴിലുറപ്പ് മുഖേന പദ്ധതി വെക്കുമെന്ന് കരാറുകാരന് ഉറപ്പ് ലഭിച്ചിരുന്നുവെന്നും എന്നാൽ ഓഡിറ്റ് എൻക്വയറി വന്നതിന് ശേഷമാണ് ഇതിന് തൊഴിലുറപ്പ് പദ്ധതിയിൽ തുക വകയിരുത്തിയിരുന്നില്ലയെന്ന് എഞ്ചിനീയറിംഗ് വിഭാഗത്തിന് മനസ്സിലായതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇതിൽനിന്നും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അറിവോ മേൽനോട്ടമോ ഇല്ലാതെയാണ് കോൺക്രീറ്റിംഗ് പ്രവർത്തി നടത്തിയതെന്നും കരാറുകാരൻ മുഖേന ചെയ്ത ഈ പ്രവർത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തുക മാറുന്നതിന് ഉദ്ദേശിച്ചിരുന്നുവെന്നും വ്യക്തമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവർത്തി നിർവ്വഹിച്ചിട്ടുണ്ടെന്ന് Deviation Statement ൽ പറഞ്ഞിരിക്കുന്നതിൽനിന്നും ഇക്കാര്യം വ്യക്തമാണ്. ഇത്തരത്തിൽ ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെയും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടമില്ലാതെയും മരാമത്ത് പ്രവർത്തികൾ നടത്തുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ഓഡിറ്റ് ഇംപാക്ട്

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഗ്രോ ബാഗ് പച്ചക്കറി കൃഷി (പ്രോജ.നം.31/19-20) എന്ന പദ്ധതിയിൽ ഗുണഭോക്തൃവിഹിതം അടച്ചതിൽ കുറവ് വന്ന തുകയായ 5000/- രൂപ 26.10.21 ലെ 121010101686-ാം നമ്പർ രസീതു പ്രകാരം പഞ്ചായത്തിൽ അടച്ചിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സാമൂഹ്യസുരക്ഷാ പെൻഷൻ -അപാകതകൾ

ധനകാര്യ (എസ്.എഫ്.സി.സെൽ-ബി) വകുപ്പിന്റെ സ.ഉ.(എം.എസ്) നം. 278/2018 ധന തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ചു പിടിച്ച് മുതൽ കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പെൻഷനറുടെ മരണശേഷവും തുക അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിരിക്കുന്നതായി കാണുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി(ഡെത്ത് രജിസ്റ്റർ പ്രകാരം) | അധികം നൽകിയ തുക(1500/- വീതം)/ മാസം | തിരിച്ചട ക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ജോസഫ് വർഗ്ഗീസ്, പുളിയാനിക്കാട്ട്, വാഴക്കുളം | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 17.2.19 | 7500/- 3/19,4/19,5/19, 6/19, 7/19 | 7500/- |
| 2 | ലിസി ജോസ്, മരോട്ടിക്കൽ , കദളിക്കാട് | ,, | 15.3.19 | 6000/-4/19,5/19,6/19.7/19 | 6000/- |
| ആകെ | | | | | 13500/- |

പെൻഷറുടെ മരണശേഷം അധികം നൽകിയിട്ടുള്ള 13500/- രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/1.11.21) മറുപടി ലഭ്യമായിട്ടില്ല. അധികം നൽകിയിട്ടുള്ള ഈ തുക സർക്കാരിലേക്ക് തിരിച്ചടച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇത്തരത്തിൽ അനർഹമായി പെൻഷൻ തുകകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് കണ്ടുപിടിച്ച് അവരെ സാമൂഹ്യസുരക്ഷാപെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതും അനർഹമായി കൈപ്പറ്റിയ തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 3-2 തൊഴിലുറപ്പ് പദ്ധതി - കരാറുകാർക്ക് അധിക തുക നൽകി

ഗ്രാമ പഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ വർക്കുകളുടെ കരാറുകാർക്ക് അനുവദനീയമല്ലാത്ത തുക നൽകിയിട്ടുണ്ട്. പണിയുപകരണങ്ങൾ കൊണ്ടു വരുന്ന തൊഴിലാളികൾക്ക് അനുവദിക്കാവുന്ന ഷാർപ്പനിംഗ് ചാർജാണ് മെറ്റലും സിമന്റും ഉൾപ്പെടെയുള്ള മെറ്റീരിയലുകൾ വിതരണം ചെയ്ത കരാറുകാർക്ക് അനുവദിച്ചിട്ടുള്ളത്. മിക്സർ മെഷീൻ, വൈബ്രേറ്റർ എന്നിവയുടെ വാടക നൽകിയത് കൂടാതെയാണ് ഇപ്രകാരം തുക നൽകിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്/ വർക്ക് കോഡ് | കരാറുകാരന്റെ പേര് / അക്കൗണ്ട് നം | എം ബുക്ക് നം | അനുവദിച്ച ഷാർപ്പനിംഗ് ചാർജ് |
|---|---|---|---|---|
| 1 | വാർഡ് 1 നീറംപുഴ സ്കൂൾ റോഡ് റിച്ച് 2 കോൺക്രീറ്റിംഗ് 1608007005/RC/274927 | എൽദോസ് പൗലോസ് , 20210917360 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 32/2019-20/MY | 4245 |
| 2 | വാർഡ് 1 മെതിപാറ നെടുംചാലിൽ താഴം റോഡ് കോൺക്രീറ്റിംഗ് 1608007005/RC/274926 | ബിനോയ് കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 49/2019-20/MY | 9023 |
| 3 | വാർഡ് 14 കദളിക്കാട് | ബിനോയ് | 89/2019- | 5630 |

| | | | | |
|---|---|---|---|---|
| | കിഴക്കേക്കര താഴം നടപ്പാത കോൺക്രീറ്റിംഗും സൈഡ് കെട്ടും 1608007005/RC/276956 | കുര്യൻ , 67258884840 സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ | 20/MY | |
| ആകെ | | | | 18898 |

അധിക തുക നൽകിയത് സംബന്ധിച്ച് 1.11.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 20) മറുപടി (തീയതി ഇല്ല) ലഭ്യമാക്കി. പണിയായുധങ്ങൾ വാടകക്ക് എടുത്തതിന്റെ തുകയാണ് ഷാർപ്പനിംഗ് ചാർജസ് എന്ന ഇനത്തിൽ നൽകിയിട്ടുള്ളത് എന്നറിയിച്ചു. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന സെക്വർ സോഫ്റ്റ് വെയറിൽ പണിയായുധങ്ങളുടെ വാടക എന്ന ഇനം ഇല്ലാത്തതിനാലാണ് ഷാർപ്പനിംഗ് ചാർജസ് എന്ന ഇനത്തിൽ തുക നൽകിയത് എന്നറിയിച്ചു. തുകകൾ തിരിച്ചടപ്പിക്കണമെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. പണിയായുധങ്ങൾ പ്രത്യേകമായി വാടകക്ക് എടുക്കാതെ ആ ഇനത്തിൽ തുക നൽകിയത് അനുവദനീയമല്ല. കൂടാതെ മെറ്റീരിയൽ സപ്ലൈ ചെയ്ത കരാറുകാരനാണ് തുക നൽകിയിട്ടുള്ളത്.

കരാറുകാർക്ക് അധികമായി നൽകിയ 18898 രൂപ ഈടാക്കി എൻ ആർ ഇ ജി എസ് അക്കൗണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | കുടിവെള്ളപ്ലാന്റിന് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ (9) | U000000754707008, U000000754707010- 18.01.2020 | 1000000 | 0 | 1000000 |
| KWA | ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കൽ (155) | U000000715939352, 25.09.2019 | 197000 | 0 | 197000 |

### 4-3 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻബാക്കി | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2019-20 | 500000 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി(23) | 219800 | 280200 |
| ജില്ലാ പഞ്ചായത്ത് | | 2019-20 | 200000 | ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം(35) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | | 150000 | | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 2019-20 | 100000 | പാലിയേറ്റീവ് കെയർ (113) | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 280000 | 2019-20 | - | അങ്കണവാടി നിർമ്മാണം വാർഡ് 7 (140) | 280000 | 0 |
| ജില്ലാ പഞ്ചായത്ത് | 600000 | | - | | 596126 | 3874 |
| ജില്ലാ പഞ്ചായത്ത് | | 2019-20 | 7297605 | ലൈഫ് സമ്പൂർണ്ണ ഭവനപദ്ധതി - സ്ഥലം | 7297605 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | വാങ്ങൽ(170) | | |
| ബ്ലോക്ക് പഞ്ചായത്ത് | 58956 | 2019-20 | 0 | സമഗ്ര നെൽകൃഷി വികസനം | 0 | 58956 |
| ജില്ലാ പഞ്ചായത്ത് | 257540 | 2019-20 | 0 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 130040 | 127500 |

സംയുക്ത പ്രൊജക്ടുകളുടെ മുൻബാക്കിയിൽ 207540 രൂപ തനത് ഫണ്ടിലാണ് നിക്ഷേപിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്തിൽനിന്നും ലഭ്യമായതായി കാണിച്ചിരിക്കുന്ന എല്ലാ തുകകളും നേരിട്ട് ചെലവഴിച്ചിരിക്കുന്നതാണ്.

ആകെ നീക്കിബാക്കി 470530രൂപയാണ്. ഇതിൽ 207540രൂപ തനത് ഫണ്ടിൽ അവശേഷിക്കുന്നു.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 3521057 രൂപ വരവുണ്ട്. മുൻബാക്കി 4369281 രൂപയടക്കം 7890338 രൂപയിൽ 544879(544118രൂപ മുതൽ,369 രൂപ പലിശ) രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | GO(MS)No.68/2018 LSGD Dated 18.05.2018 | 3521057 | 4369281 | 544487 | 0 | 7345851 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 13 | 2003-04 | 14 | വനിതവ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്-അധിക ചെലവ് 66130/- രൂപ | പഞ്ചായത്തിന് നഷ്ടം സംഭവിച്ച 66130/- രൂപ റിക്കവറി നടപടിയിലൂടെ ഈടാക്കിയിട്ടുണ്ട്. |
| 2014-15 | 2-1 | 2016-17 | 2-1 അനുബന്ധം 4 | തൊഴിൽ നികുതി ഈടാക്കിയില്ല | തുക മുഴുവൻ ഈടാക്കിയിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | 2-2 അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കിയില്ല | 48900/- രൂപയുടെ പരാമർശം ഉള്ളതിൽ 42650/- ഈടാക്കി. മറ്റ് സ്ഥാപനങ്ങൾ പ്രവർത്തിക്കാത്തതിനാൽ 6250/- |

| | | | | | |
|---|---|---|---|---|---|
| | | | | | ഈടാക്കാൻ കഴിഞ്ഞിട്ടില്ല |

## 4-9 ചാർജ്/ സർച്ചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [(മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)] | 70054596 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58494177 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 32398 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31964 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 10500 | റെജിമോൻ പി.പി., സെക്രട്ടറി |
| | 3000 | മിനി എസ്., സെക്രട്ടറി ഇൻ ചാർജ് |
| 3-2 | 18898 | റോസമ്മ കെ ജെ . അസി.സെക്രട്ടറി. |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2000 | ശ്രീ.രാഹുൽ കൃഷ്ണൻ, കൃഷി ഓഫീസർ. |
| 1-17 | 29964 | ശ്രീ.രാഹുൽ കൃഷ്ണൻ, കൃഷി ഓഫീസർ. |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.റോസമ്മ കെ.ജെ | അസി.സെക്രട്ടറി , മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്. | ചെമ്മംപ്ലാക്കൽ, കാഞ്ഞാർ പി.ഒ, ഇടുക്കി. |
| ശ്രീ. രാഹുൽ കൃഷ്ണൻ, കൃഷി ഓഫീസർ. | കൃഷി ഓഫീസർ , മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | ശാന്താഭവൻ, കൂവപ്പടി പി.ഒ., മൂവാറ്റുപുഴ |
| ശ്രീ. റജിമോൻ പി.പി. | സെക്രട്ടറി, എടത്തല ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ, വട്ടുക്കുന്ന്, മുളന്തുരുത്തി പി.ഒ. എറണാകുളം |
| ശ്രീമതി മിനി എസ്. | അസിസ്റ്റന്റ് സെക്രട്ടറി (റിട്ട.) | പുത്തൻമഠം കൂവപ്പടി പി.ഒ. കോതമംഗലം |

## 4-11 തീർപ്പാക്കനവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(1) തീയതി 24.7.2019 |
| 2001-02 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(2) തീയതി 24.7.2019 |
| 2002-2003dcb | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(3) തീയതി 24.7.2019 |
| 2002-2003exp | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(4) തീയതി 24.7.2019 |
| 2003-04 | എൽ.എഫ്.എം.(പി5)92/07 തീയതി 01.07.2011 |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(5) തീയതി 24.7.2019 |
| 2006-07 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(6) തീയതി 24.7.2019 |
| 2007-2008 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(7) തീയതി 24.7.2019 |
| 2008-2009 | കെ.എസ്.എ.-ഇ.കെ.എം./പി8/717/18(8) തീയതി 24.7.2019 |
| 2009-10 | എൽ.എഫ്.ഇ/പി5/1367 തീയതി 15.01.13 |
| 2010-11 2011-12 | കെ.എസ്.എ-ഇ.കെ.എം.(പി8)716/16 തീയതി 16.02.16 |
| 2012-13 2013-14 | എൽ.എഫ്.എ/പി8/1904/14 തീയതി 12.02.2013 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം./പി8/1872 തീയതി 23.07.18 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം./പി8/1973 തീയതി 23.07.18 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം./പി8/388/19 തീയതി 17.07.2019 |
| 2018-2019 | കെ.എസ്.എ.ഇ.കെ.എം(പി8)284/2020 തീയതി.06.07.2020 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്